# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 486** **19.11.2019-ൽ മറുപടിക്ക്**

## ഹൈഡൽ ടൂറിസം സാധ്യതകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | ഹൈഡൽ ടൂറിസം വകുപ്പ് സംസ്ഥാനത്തെ ഡാമുകൾ കേന്ദ്രീകരിച്ചുള്ള ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | കെ.എസ്.ഇ.ബി.എൽ - ന്റെ കീഴിലുള്ള ഡാമുകൾ കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രധാനമായും ഇടുക്കി ഡാം കേന്ദ്രീകരിച്ച് ലേസർ ഷോയും, അക്വേറിയവും ആരംഭിക്കുന്നതിനും, ഇടുക്കി ജില്ലയിലെ പൊൻമുടി, മാട്ടുപ്പെട്ടി, ആനയിറങ്കൽ, ശെങ്കുളം, തിരുവനന്തപുരം ജില്ലയിലെ ലോവർ മീൻമുട്ടി എന്നീ ഡാമുകളിലും, മൂന്നാർ ഹൈഡൽ പാർക്കിലും സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് വരുമാനം പങ്കിടൽ വ്യവസ്ഥയിൽ അമ്യൂസ്മെന്റ് പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് തുടക്കമായിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ആർച്ച് ഡാം കേന്ദ്രീകരിച്ച് എന്തെല്ലാം ടൂറിസം സാധ്യതകളാണ് പഠനവിധേയമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) & (സി) | കേരള ഹൈഡൽ ടൂറിസം സെന്റർ ഇടുക്കിഡാമിനോടനുബന്ധിച്ചുള്ള ടൂറിസം വികസനത്തിനായി 2015-16 കാലയളവിൽ ഒരു പദ്ധതി തയ്യാറാക്കുക യുണ്ടായി. ഇടുക്കി ആർച്ച് ഡാമിൽനിന്നും ഉദ്ദേശം 250 മീറ്റർ താഴേക്ക് മാറി ഡാമിന് അഭിമുഖമായ ഒരു പവലിയനും അതിനോടനുബന്ധിച്ചുള്ള ഷോപ്പിംഗ് സെന്ററുകളും, ഒരു തുറന്ന ഗാലറിയും അവിടെ നിന്നും ദൃശ്യമാകുന്ന രീതിയിൽ ഇടുക്കി ആർച്ച് ഡാം തന്നെ സ്ക്രീൻ ആക്കി മാറ്റി (ഉദ്ദേശം 500 അടി ഉയരം x 600 അടി വീതി) കേരള ചരിത്രവും വൈദ്യുതി ബോർഡിന്റെ ചരിത്രവും വ്യക്തമാകുന്ന ഒരു ലേസർ ഷോയും ആണ് തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ കാതലായ ഭാഗം. 6 - ഡി തീയേറ്ററുകളും വിവിധ തരത്തിലുള്ള വീഡിയോ ഗെയിമുകളും പവലിയനു താഴെയായി ഡാമിൽനിന്നുള്ള ജലമുപയോഗിച്ചുള്ള ഒരു സ്വാഭാവിക അക്വേറിയവുമാണ് ഈ പദ്ധതിയുടെ പ്രധാന ആകർഷണങ്ങൾ. ഇതിനായി 26 കോടി രൂപയുടെ |
| (സി) | സഞ്ചാരികളുടെ ശ്രദ്ധാകേന്ദ്രമായ ഇടുക്കി ആർച്ച്ഡാമിന്റെയും പ്രകൃതി രമണീയമായ സമീപ പ്രദേശങ്ങളുടെയും ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് വർണ്ണവിസ്മയമൊരുക്കുന്ന ലേസർ ഷോ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | | |

പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ സാമ്പത്തീക സഹായത്തിനു വേണ്ടി കേരള ടൂറിസം ഡിപ്പാർട്ട്മെന്റിൽ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ